LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിൽ എച്ച്. എസ്. എ. മലയാളം തസ്തിക

64 [1424] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എച്ച്. എസ്. എ. മലയാളം തസ്തികയിൽ ഇപ്പോൾ ഒഴിവുകളുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്;

(സി) ഇങ്ങനെ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം നടത്താതിരിക്കുന്നതിന് കാരണം വ്യക്തമാക്കുമോ;

(ഡി) ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. നാൽപ്പത്തി ഒന്ന് ഒഴിവുകൾ.

(സി & ഡി) ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഡബ്ല്യു. പി. (സി) നം. 22986/03-ാം നമ്പർ കേസിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് മാത്രം ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്താൽ മതിയെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുകയാണ്. മേൽ ഉത്തരവിൽ മാറ്റം വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കോട്ടയം വിദ്യാഭ്യാസ ജില്ലയിലുള്ള എച്ച്. എസ്. എ. (നാചറൽ സയൻസ്) തസ്തികയിലേക്കുള്ള നിയമനം

65 [1425] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം വിദ്യാഭ്യാസ ജില്ലയിലുള്ള എച്ച്. എസ്. എ. (നാചറൽ സയൻസ്) തസ്തികയിലേക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടന്നപ്പോൾ മുസ്ലീം സംവരണം പാലിച്ചിട്ടില്ല എന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജില്ലയിലെ പല സ്കൂളുകളിലും എച്ച്. എസ്. എ.-യുടെ ഒഴിവുകളിൽ പത്രപ്പരസ്യം നൽകി താൽക്കാലിക നിയമനം നടത്തുന്നത് തടയുന്നതിനും പി. എസ്. സി. വഴി നിയമനം നടത്തുന്നതിന് നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?